പ്രധാന ഘടകങ്ങൾക്ക് സ്ഥലം ലഭിക്കാത്തതിനാൽ മുടങ്ങിക്കിടക്കുന്ന പദ്ധതികൾക്ക് പഞ്ചായത്തുകളുമായി കൂടിയാലോചിച്ച് അവ ലഭ്യമാക്കുന്നതിനുള്ള നടപടികൾ എടുക്കുന്നുണ്ട്. പൈപ്പ് ഇടുന്നതിന് ആവശ്യമായ ബന്ധപ്പെട്ട വകുപ്പുകളുടെ അംഗീകാരം സംബന്ധിക്കുന്ന തടസ്സങ്ങൾ അതാത് ഉദ്യോഗസ്ഥരും ജനപ്രതിനിധികളുമായി ആലോചിച്ച് തീർപ്പാക്കിവരുന്നു.

ജൈക്ക പദ്ധതിയുടെ പ്രവർത്തനങ്ങൾ കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറും പദ്ധതിയുടെ ചുമതലയുള്ള ചീഫ് എഞ്ചിനീയറും നിരന്തരം വിലയിരുത്തുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. വകുപ്പുമന്ത്രി തലവനായിട്ടുള്ള കോ-ഓർഡിനേഷൻ കമ്മിറ്റി, ചീഫ് സെക്രട്ടറി തലവനായിട്ടുള്ള എംപവേർഡ് കമ്മിറ്റി, ഫണ്ട് റിലീസ് കമ്മിറ്റി എന്നിവ സർക്കാർ തലത്തിൽ പ്രോജക്ടിന്റെ നടത്തിപ്പിനായി പ്രത്യേകം രൂപീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ നടത്തിപ്പിനാവശ്യമായിവരുന്ന നിർദ്ദേശങ്ങളും അംഗീകാരങ്ങളും കേരള വാട്ടർ അതോറിറ്റി ബോർഡിൽനിന്നും നൽകുന്നുണ്ട്. ജില്ലാ തലത്തിലും കോ-ഓർഡിനേഷൻ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.

കലോൽസവത്തിൽ എ ഗ്രേഡ് നേടുന്ന വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം

6 (*786) ശ്രീ. പി. സി. ബാലകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സഭയിൽ മറുപടി പറയുമോ :

(എ) സംസ്ഥാന സ്കൂൾ കലോൽസവത്തിൽ 'എ' ഗ്രേഡ് നേടുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം നൽകുന്നതിനുള്ള എന്തെങ്കിലും പദ്ധതി നടപ്പിലാക്കുന്നുണ്ടോ ;

(ബി) എങ്കിൽ എന്നു മുതലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കി തുടങ്ങിയത് ;

(സി) ഈ സർക്കാരിന്റെ കാലത്ത് പ്രസ്തുത പദ്ധതിപ്രകാരം പട്ടികജാതി വിഭാഗത്തിൽപ്പെട്ട എത്ര വിദ്യാർത്ഥികൾക്ക് എന്തൊക്കെ ആനുകൂല്യങ്ങൾ നൽകിയെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ജില്ലാതല സ്കൂൾ കലോൽസവങ്ങളിൽ 'എ' ഗ്രേഡ് നേടുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്കുകൂടി ഈ പദ്ധതിപ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുമോ ?

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ) :

(എ) സംസ്ഥാന സ്കൂൾ കലോൽസവരതിൽ 'എ' ഗ്രേഡ് നേടുന്ന പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് പ്രോത്സാഹനമായി 10,000 രൂപ അനുവദിക്കുന്ന ഒരു പദ്ധതി നടപ്പിലാക്കുന്നുണ്ട്.

(ബി) 2012-13 അദ്ധ്യയന വർഷംമുതൽ.

(സി) ഈ പദ്ധതിപ്രകാരം സംസ്ഥാന സ്കൂൾ കലോൽസവത്തിൽ 'എ' ഗ്രേഡ് നേടിയ 387 വിദ്യാർത്ഥികൾക്ക് 10,000 രൂപ വീതം അനുവദിക്കുക യുണ്ടായി.

(ഡി) പരിശോധിച്ചുവരുന്നു.

ആഭ്യന്തര സീസണൽ വിനോദസഞ്ചാരം

7 (*787) ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ആഭ്യന്തര സീസണൽ വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) മൺസൂൺ ടൂറിസം പദ്ധതിക്കായി എന്തൊക്കെ ഏർപ്പാടുകൾ ചെയ്തിട്ടുണ്ടെന്നും ഈ വർഷത്തെ ശ്രേഷ്ഠമായ മൺസൂൺ പ്രസ്ഥാന പദ്ധതിയെ ഏതുവിധം ബാധിച്ചുവെന്നും വിലയിരുത്തിയിട്ടുണ്ടോ ;

(സി) മഞ്ഞുകാലത്ത് തെക്കേ ഇന്ത്യയിലേക്ക് വിനോദസഞ്ചാരം നടത്തുന്ന ഉത്തരേന്ത്യൻ സഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കാൻ വേണ്ട നടപടികൾ മുൻകൂർ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly